പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 34

# 2011-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ

1971-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1971-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 6എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—1971-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്റ്റിലെ (1971-ലെ 20), 6-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"6 എ വർഷാശനം പുതുക്കൽ.—സർക്കാർ, ലാന്റ് റവന്യൂ കമ്മീഷണറുമായി കൂടിയാലോചിച്ചും നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും 2011-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ, 6-ാം വകുപ്പുപ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള വർഷാശനം മൂന്നിരട്ടി തുകയായി പുതുക്കേണ്ടതും, അതിനുശേഷം ഓരോ അഞ്ചു വർഷം കഴിയുമ്പോഴും അങ്ങനെ പുതുക്കിയ വർഷാശനത്തിൽ ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ് വരുത്തേണ്ടതുമാണ്.".

962/2011.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1971-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്റ്റിലെ (1971-ലെ 20) 6-ാം വകുപ്പ് പ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വർഷാശനം ആനുകാലികമായി പുതുക്കി നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകൾ പ്രസ്തുത ആക്റ്റിൽ ഇല്ല. സാധനങ്ങളുടെ വില വർദ്ധനവിനനുസരിച്ച് വർഷാശനം പുതുക്കി നിശ്ചയിക്കുന്നതിന് ഉദ്ദേശിക്കുന്നു. 1971-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്റ്റിന്റെ 6-ാം വകുപ്പ് പ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് നിശ്ചയിച്ചിട്ടുള്ള വർഷാശനം 58,500 രൂപ (അൻപത്തി എണ്ണായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആണ്. ആക്റ്റിന്റെ 6-ാം വകുപ്പുപ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് നൽകുന്നതായ നിശ്ചയിക്കപ്പെട്ടിട്ടുള്ള വർഷാശനത്തിൽ മൂന്നിരട്ടി വർദ്ധനവ് വരുത്തുന്നതിനും അതിനുശേഷം ഓരോ അഞ്ചു വർഷം കഴിയുമ്പോഴും അങ്ങനെ പുതുക്കിയ വർഷാശനത്തിൽ ഇരുപത്തി അഞ്ച് ശതമാനം വർദ്ധനവ് വരുത്തുന്നതിനും സർക്കാർ തീരുമാനിച്ചു.

2. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

1971-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്റ്റിന്റെ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് നൽകേണ്ടതായ വർഷാശനം 58,500 രൂപയാണ്. ആക്റ്റിലെ 6-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഈ തുക ക്ഷേത്രത്തിന് എല്ലാ വർഷവും നൽകിവരുന്നുണ്ട്. നിർദ്ദിഷ്ട ഭേദഗതി പ്രാബല്യത്തിൽ കൊണ്ടുവന്നാൽ, ആദ്യത്തെ അഞ്ചു വർഷത്തേക്ക് പ്രതിവർഷം 1,75,500 (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരത്തി അഞ്ഞൂറ് രൂപാ മാത്രം) രൂപയുടെയും അതിനുശേഷം ഓരോ അഞ്ചു വർഷത്തേക്കും പുതുക്കിയ തുകയുടെ ഇരുപത്തിയഞ്ച് ശതമാനമായ 43,875 (നാൽപ്പത്തി മൂവായിരത്തി എണ്ണൂറ്റി എഴുപത്തിയഞ്ചു രൂപാ മാത്രം) രൂപയുടെയും പ്രതിബദ്ധത ഉണ്ടാകുന്നതാണ്. ഓരോ അഞ്ചു വർഷത്തിനുശേഷവും പുതുക്കിയ തുകയുടെ ഇരുപത്തിയഞ്ചു ശതമാനമായി, വർഷാശനം പുതുക്കേണ്ടതിനാൽ കാലം കഴിയുമ്പോൾ സാമ്പത്തിക പ്രതിബദ്ധതയിൽ വർദ്ധനവ് ഉണ്ടാകുന്നതാണ്. ഈ ഭേദഗതി നടപ്പിലാക്കുന്നതുമൂലം ആദ്യത്തെ പത്തുവർഷത്തെ സാമ്പത്തിക പ്രതിബദ്ധത 19,74,375 രൂപ (പത്തൊൻപതു ലക്ഷത്തി എഴുപത്തി നാലായിരത്തി മുന്നൂറ്റി എഴുപത്തിയഞ്ച് രൂപാ മാത്രം) യായി കണക്കാക്കിയിട്ടുള്ളതും കൂടുതൽ അല്ലെങ്കിൽ അധിക പ്രതിബദ്ധത 13,89,375 രൂപയും (പതിമൂന്നു ലക്ഷത്തി എൺപത്തി ഒമ്പതിനായിരത്തി മുന്നൂറ്റി എഴുപത്തി അഞ്ച് രൂപാ മാത്രം) ആയിരിക്കുന്നതുമാണ്.



## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

6-ാം വകുപ്പ് പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള വർഷാശനം പുതുക്കുന്നതിനുവേണ്ടിയുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിന് മറ്റു പലതിന്റേയും കൂട്ടത്തിൽ അധികാരം നൽകുവാൻ ബില്ലിലെ 2-ാം ഖണ്ഡംമൂലം ചേർക്കാൻ ഉദ്ദേശിക്കുന്ന 6 എ വകുപ്പുകൊണ്ട് ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ചവയോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവ ആകുന്നു. മാത്രമല്ല, ചട്ടങ്ങൾ, അവ ഉണ്ടാക്കിയതിന് ശേഷം, നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം ഒരു സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

തിരുവഞ്ചൂർ രാധാകൃഷ്ണൻ

(ശരിത്തർജ്ജമ)

## 1971-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്റ്റ് (1971-ലെ 20)-ൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** **

6. ക്ഷേത്രത്തിന് നഷ്ടപ്രതിഫലം.—(1) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരം ക്ഷേത്രത്തിന്റെ അവകാശങ്ങളും ഉടമാവകാശങ്ങളും അവകാശബന്ധങ്ങളും ഇല്ലാതായിത്തീരുന്നതിന് ആ ഉപവകുപ്പ് (ബി)-യും (സി)-യും ഖണ്ഡങ്ങൾ പ്രകാരം ശ്രീപണ്ടാരവക തനത് ഭൂമികളിലും കെട്ടിടങ്ങളിലും ഉള്ള അതിന്റെ അവകാശങ്ങളും ഉടമാവകാശങ്ങളും അവകാശബന്ധങ്ങളും ഗവൺമെന്റിൽ നിക്ഷിപ്തമാക്കുന്നതിനുവേണ്ടി ഗവൺമെന്റ് നഷ്ടപ്രതിഫലമായി ക്ഷേത്രത്തിന് ശാശ്വതമായി നിശ്ചിത ദിവസം വരുന്ന സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്ന ഏതൊരു സാമ്പത്തിക വർഷവും വർഷാശനമായി അമ്പത്തി എട്ടായിരത്തി അഞ്ഞൂറ് രൂപ കൊടുക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം കൊടുക്കേണ്ടതായ വർഷാശനം ഒന്നായിട്ട് ഓരോ സാമ്പത്തിക വർഷത്തിലും നിർണ്ണയിക്കപ്പെടാവുന്ന തീയതിയിലും അപ്രകാരമുള്ളവിധത്തിലും നൽകേണ്ടതാണ്.

** ** **